തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള താലൂക്കാസ്ഥാന ആശുപത്രിയാണ്. അതിനോടനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 17 ജില്ലാ ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം ശക്തിപ്പെടുത്തുന്നതിനാണ് മുൻഗണന നൽകിവരുന്നത്.

(8) ആർ.സി.സി.-യിൽ ലിഫ്റ്റ് തകർന്നുണ്ടായ അപകടം

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിലെ ഉത്തരവാദപ്പെട്ടവരുടെ അശ്രദ്ധമൂലം ലിഫ്റ്റ് പൊട്ടിവീണ് പത്തനാപുരം കുണ്ടയം സ്വദേശിനിയായ നജീറമോൾ മാരകമായി പരിക്കേറ്റ് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ എം.ഐ.സി. യൂണിറ്റിൽ ചികിത്സയിലാണ്. നജീറമോളുടെ അമ്മ നസീമയും ആർ.സി.സി.-യിൽ ചികിത്സയിലാണ്. നജീറമോൾക്ക് 22 വയസ്സും അവരുടെ കുഞ്ഞിന് ഒരു വയസ്സുമാണ്. വളരെ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന ഒരു കുടുംബത്തിലെ ഈ സഹോദരി അമ്മയ്ക്ക് കൂട്ടിരിക്കാൻവേണ്ടിയാണ് തിരുവനന്തപുരം ആർ.സി.സി.-യിൽ വന്നത്. 5 മണി മുതൽ 7.30 വരെയാണ് കൂടെ വരുന്ന സഹായികൾക്ക് രോഗികളെ കാണാൻ സമയം കൊടുത്തിരുന്നത്. അവർ 15.05.2021 പുലർച്ചെ 5 മണിക്ക് ആർ.സി.സി.-യിൽ എത്തുകയും അവിടെ തുറന്നുകിടന്ന ലിഫ്റ്റിലേയ്ക്ക് കയറാൻ കാൽ

LIBRARY ARCHIVES Kerala Legislative Assembly

വച്ചപ്പോൾ ലിഫ്റ്റ് രണ്ടുമൂന്ന് നില താഴേയ്ക്ക് വളരെ വേഗത്തിൽ പൊട്ടിവീഴുകയും അതിന്റെയുള്ളിൽ പരിക്കേറ്റ് രണ്ട് മണിക്കൂറോളം ഈ സഹോദരി കുടുങ്ങിക്കിടക്കുകയും ചെയ്തു. അവർ നട്ടെല്ലിനും തലയ്ക്കും പരിക്കേറ്റ് മെഡിക്കൽ കോളേജിൽ കഴിയുകയാണ്. ഇന്ന് അവരുടെ ആരോഗ്യസ്ഥിതി വളരെ മോശമാണ്. ഞാൻ ഇന്ന് രാവിലെയും മെഡിക്കൽ കോളേജ് സൂപ്രണ്ടുമായി സംസാരിച്ചിരുന്നു. അദ്ദേഹം പറഞ്ഞത്, രോഗിക്ക് സോഡിയത്തിന്റെ അളവ് കുറഞ്ഞുവരികയാണെന്നും അടിക്കടി ഫിറ്റ്സ് വരുന്ന അവസ്ഥയിലാണെന്നുമാണ്. ഇവർക്ക് ചികിത്സയ്ക്ക് യാതൊരു സാമ്പത്തിക സഹായവും ലഭിക്കുന്നില്ല, അവരുടെ അമ്മയും ചികിത്സയിലാണ്. അമ്മയുടെ ചികിത്സയ്ക്കും പണമില്ല. നല്ലവരായ നാട്ടുകാർ സ്വരൂപിച്ചുകൊടുക്കുന്ന കുറച്ച് പണംകൊണ്ടാണ് അവർ മുന്നോട്ടുപോകുന്നത്. ഒരു വയസ്സുള്ള അവരുടെ കുഞ്ഞിനെ നോക്കാൻ ആളില്ല. ഈ സഹോദരിയുടെ വിവാഹം നടത്തിക്കൊടുത്തത് മഹല്ല് കമ്മിറ്റിക്കാരാണ്. അത്രയും സാമ്പത്തികമായി ബുദ്ധിമുട്ടുള്ളൊരു കുടുംബമാണ്.

ഞാൻ അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, അവിടത്തെ ലിഫ്റ്റ് ഓപ്പറേറ്ററെ സസ്പെൻഡ് ചെയ്തുവെന്നാണ്. വിദഗ്ധരായ ഡോക്ടർമാരും സേവന സന്നദ്ധരായ നഴ്സുമാരും പാരാമെഡിക്കൽ സ്റ്റാഫുമൊക്കെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

നല്ലൊരു സ്ഥാപനമാണ് ആർ.സി.സി. നല്ല പ്രവർത്തനംകൊണ്ട് പ്രശസ്തി നേടിയ ഇന്ത്യയിലെ ഏറ്റവും ശ്രദ്ധേയമായൊരു സ്ഥാപനമാണിത്. അവിടത്തെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അപാകതകൊണ്ടാണ് ഇത് സംഭവിച്ചത്. പൊളിഞ്ഞ ലിഫ്റ്റിനടുത്ത് 'കയറരുത്' എന്നൊരു ബോർഡ് വയ്ക്കാതെ തുറന്നിട്തുകൊണ്ടാണ് ഈ സഹോദരിക്ക് ഇത്രയും വലിയൊരു ആപത്ത് സംഭവിച്ചത്. ഇതുമായി ബന്ധപ്പെട്ട അന്വേഷണം നടത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുകയും ഈ സഹോദരിക്കും അവരുടെ അമ്മയ്ക്കും സൗജന്യ ചികിത്സ നൽകുകയും ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഇക്കാര്യം കേൾക്കുന്നുണ്ട്. ആ കുടുംബത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും വനിത-ശിശു ക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ബഹുമാനപ്പെട്ട പത്തനാപുരം അംഗം പരാമർശിച്ച ഈ വിഷയം മെയ് മാസം 15-ാം തീയതി രാവിലെ 7.30-നാണ് സംഭവിക്കുന്നത്. ആർ.സി.സി.-യിലെ ഒരു രോഗിയുടെ 22 വയസ്സുള്ള ബൈസ്റ്റാന്റർ 'ബി' ബ്ലോക്കിലെ കേടായ ലിഫ്റ്റിൽനിന്ന് താഴെ വീണുകിടക്കുന്നത് ശ്രദ്ധയിൽപ്പെടുകയും അവരെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുപോയി ചികിത്സ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ആർ.സ.സി. ഡയറക്ടറുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. 14-ാം തീയതി വൈകുന്നേരം 6.55-നാണ് 'ബി' ബ്ലോക്കിൽ ക്യാന്റീനിനടുത്തുള്ള ലിഫ്റ്റ് തകരാറിലായത്. ആ സമയം ലിഫ്റ്റിനുള്ളിൽ ഒരു ജീവനക്കാരനും രണ്ട് സന്ദർശകരുമുണ്ടായിരുന്നു. അവർ ലിഫ്റ്റിൽ കുടുങ്ങിയിരുന്നു. അവർ വിവരം ഡ്യൂട്ടി ഇലക്ട്രീഷ്യനെ അറിയിച്ചതിനെത്തുടർന്ന് മൂന്നാം നിലയിൽവച്ച് ലിഫ്റ്റ് ഓപ്പൺ ചെയ്തു. പക്ഷേ പകുതി മാത്രമേ ഓപ്പൺ ചെയ്തുള്ളൂ. തുടർന്ന് ഈ ലിഫ്റ്റ് മുകളിലത്തെ നിലയിലേയ്ക്ക് കൊണ്ടുപോയി അവിടെ നിർത്തുകയാണ് ചെയ്തത്. പകുതി തുറസ്സായിട്ടുള്ള മൂന്നാംനിലയിലെ കതകിന്റെ കാര്യം ഇലക്ട്രീഷ്യൻ ശ്രദ്ധിച്ചില്ല. പിറ്റേന്ന് പുലർച്ചെ 5.23-ന് യുവതി ലിഫ്റ്റിന് നേരെ നടന്നുചെന്ന് ഭാഗികമായി തുറന്നുകിടന്ന വാതിലിലൂടെ അകത്തേയ്ക്ക് കയറുന്നതും താഴേയ്ക്ക് വീഴുന്നതും സി.സി.ടി.വി. ദൃശ്യങ്ങളിൽ വ്യക്തമാണ്. പക്ഷേ രാവിലെ 7.23-ന് ലിഫ്റ്റിന്റെ പിറ്റിൽനിന്ന് ശബ്ദം കേട്ടതിനെത്തുടർന്ന് ജീവനക്കാർ ഈ യുവതിയെ കാണുകയും ഉടനെതന്നെ പ്രാഥമിക ശുശ്രൂഷ നൽകിയതിനുശേഷം മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റുകയും ചെയ്തു. പ്രാഥമികാന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ 14.05.2021-ന് ഡ്യൂട്ടിയിലുണ്ടായിരുന്ന ഇലക്ട്രീഷ്യൻ ശ്രീ. സുനിൽകുമാറിനെ

LIBRARY ARCHIVES Kerala Legislative Assembly

15-ാം തീയതിയും ഇലക്ട്രിക്കൽ സൂപ്പർവൈസർ ശ്രീ. ജിജി പി.എസ്.-നെ 26-ാം തീയതിയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. ഇതിൽ അന്ന് ഡ്യൂട്ടിയിലുണ്ടായിരുന്ന സെക്യൂരിറ്റി വിഭാഗത്തിലുള്ള ജീവനക്കാരുടെ അശ്രദ്ധയുമുള്ളതിനാൽ അവരെയും സസ്പെൻഡ് ചെയ്തിട്ടുണ്ട്. നിലവിൽ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട യുവതിയുടെ ചികിത്സയ്ക്കായി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് ആർ.സി.സി. അറിയിച്ചിട്ടുണ്ട്. യുവതി ഇപ്പോഴും ക്രിട്ടിക്കൽ കെയർ യൂണിറ്റിലാണുള്ളത്. സഹായത്തിനായി 24 മണിക്കൂറും ആർ.സി.സി.-യിലെ ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ, ചികിത്സയും മറ്റ് അനുബന്ധ ചെലവുകളും ആർ.സി.സി. തന്നെ ഏറ്റെടുത്ത് നിർവ്വഹിച്ചുവരികയാണ്. ഇതുകൂടാതെ യുവതിയുടെ ചികിത്സാ പുരോഗതി വിലയിരുത്തുന്നതിന് അഡീഷണൽ ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആശുപത്രിയിൽ സാങ്കേതിക വിദഗ്ധരെ ഉൾപ്പെടുത്തി ഇത് ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും നിർമ്മാണമോ അറ്റകുറ്റപ്പണികളോ നടക്കുന്ന സന്ദർഭങ്ങളിൽ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും പൊതുജനങ്ങൾക്കും അപകടമുണ്ടാക്കാത്ത രീതിയിൽ കൃത്യമായ സുരക്ഷാക്രമീകരണങ്ങളും മുന്നറിയിപ്പുകളും ഉറപ്പുവരുത്തണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

കർശനമായ നിർദ്ദേശം ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ നൽകിയിട്ടുണ്ട്.

IV. ക്രമപ്രശ്നം

മേശപ്പുറത്തുവയ്ക്കുന്ന കടലാസ്സുകൾ പുതുതായി മേശപ്പുറത്ത് വയ്ക്കണമെന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പതിനാലാം കേരള നിയമസഭയുടെ കാലയളവിൽ 13-03-2020, 24-08-2020, 13-01-2021, 22-01-2021 എന്നീ തീയതികളിൽ സഭയുടെ മേശപ്പുറത്ത് വച്ചതും എന്നാൽ 14 ദിവസം സഭ മുൻപാകെ പൂർത്തിയാക്കാൻ സാധിക്കാത്തതുമായ വിജ്ഞാപനങ്ങൾ മുഖ്യമന്ത്രിയുൾപ്പെടെ എല്ലാ മന്ത്രിമാരും ഇന്ന് വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതാണെന്ന് ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ കാണിച്ചിട്ടുണ്ട്. 03-05-2021-ൽ 14-ാം കേരള നിയമസഭ പിരിച്ചുവിട്ടതോടുകൂടി പ്രസ്തുത നിയമസഭയിൽ മേശപ്പുറത്ത് വച്ചതും, നിശ്ചിത കാലാവധി പൂർത്തിയാക്കാൻ സാധിക്കാതിരുന്നതുമായ വിജ്ഞാപനങ്ങൾ വീണ്ടും സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ, അതായത് റീ-ലേ ചെയ്യാൻ പാടില്ല, പകരം മേശപ്പുറത്ത് പുതിയതായി ലേ ചെയ്യുകയാണ് വേണ്ടത്. I invite the attention of this august House to S. L. Shakdher and M. N. Kaul. S. L. Shakdher and M. N. Kaul

LIBRARY ARCHIVES Kerala Legislative Assembly